II ഇ.ബി. XIII- കേരള നിയമസഭ/II-3

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 സെപ്റ്റംബർ 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**5 (*61) ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകം**

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ബസ് യാത്രനിരക്ക് വർദ്ധനയുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫെയർ സ്റ്റേജുകൾ മാറ്റിയിട്ടില്ലെന്നും നിരക്ക് വർദ്ധന നടപ്പിൽ വരുത്തിയപ്പോൾ ഓർഡിനറി സർവ്വീസുകളിലെ നാലാമത്തെ സ്റ്റേജിലെ നിരക്ക് 5.50 രൂപയിൽ നിന്നും 8.00 രൂപയായി വർദ്ധിപ്പിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായത് കണക്കിലെടുത്ത് 12.08.2011 മുതൽ ടി നിരക്ക് 7.00 രൂപയായി കുറച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇന്ധനവില വർദ്ധനവും അനുബന്ധ ഘടകങ്ങളും പരിഗണിച്ച് ബസ് ചാർജ്ജ് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടതിനാലാണ് പ്രസ്തുത വിഷയത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞ സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് രാമചന്ദ്രൻ ചെയർമാനായ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നിലവിലുള്ള

നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. കെ.എസ്.ആർ.ടി.സി.യുടെ ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത് കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ്സുകളുടെ ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുമാണ്. ഏതെങ്കിലും ഫെയർ സ്റ്റേജിൽ അപകാതയുണ്ടെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് അത് പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. ഇപ്പോൾ നടപ്പിലാക്കിയ ഫെയർ റിവിഷനിലൂടെ യാത്ര ചെലവിൽ ചെറിയ തോതിലുള്ള വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. മിനിമം ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഫസ്റ്റ് ഫെയർ സ്റ്റേജിൽ 2.5 കിലോമീറ്ററിന് 4 രൂപയായിരുന്നത് ഇപ്പോൾ 5 കിലോമീറ്ററിനാണ് 5 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. ചില റൂട്ടുകളിൽ ഫിക്സഡ് ചാർജ്ജിന്റെ കൂടെ കിലോമീറ്റർ ചാർജ്ജ് കൂട്ടിയതുമൂലമുള്ള വർദ്ധനവാണ് വന്നിട്ടുള്ളത്, അതിൽ കുറവ് വരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാർത്ഥികളുടെ കൺസെഷൻ ടിക്കറ്റിന്റെ മിനിമം ചാർജ്ജ് വർദ്ധിപ്പിക്കാതെ രണ്ട് ഫെയർസ്റ്റേജിന് 50 പൈസ എന്ന നിരക്കിലുള്ള വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ചാർജ്ജ് വർദ്ധന സംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധി വന്നശേഷമേ മൂന്ന് മാസത്തെ കൺസെഷൻ ടിക്കറ്റിന് ചാർജ്ജിളവ് നൽകുന്ന കാര്യത്തിൽ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഫെയർ റിവിഷന്റെ ഫലമായി കെ.എസ്.ആർ.ടി.സി.ക്ക് 13.5 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 525 റൂട്ടുകൾ റീ ഷെഡ്യൂൾ ചെയ്ത് ലാഭകരമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 30 കോടി രൂപയാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ നൂറ് ദിന പരിപാടിയുടെ ഭാഗമായി 110 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് ധനസഹായം നൽകിയി

ട്ടുണ്ടെന്നും തൊഴിലാളികൾക്ക് 14% ഡി.എ. അനുവദിച്ചുകഴിഞ്ഞുവെന്നും എം.പാനൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും മെക്കാനിക്കുക ളുടെയും ശമ്പളം വർദ്ധിപ്പിച്ചുവെന്നും അതാത് പ്രദേശങ്ങളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള എം.എൽ.എ.മാർ അടങ്ങുന്ന സമിതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**6 (*62) <u>വ്യാജ മരുന്ന് വിൽപ്പന</u>**

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വില്പന നടത്തുന്ന മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് മരുന്ന് നിർമ്മാണശാലകൾ, വില്പനശാലകൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കുകയും വ്യാജ മരുന്നുകൾ, അഡൾറ്ററേറ്റഡ് മരുന്നുകൾ, ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ എന്നിവ വില്പന നടത്തുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഉറപ്പുവരു ത്തുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൊച്ചിയിൽ സ്ഥാപിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ പൂർത്തിയാക്കുന്നതാണ്. സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിറ്റഴിക്കു ന്നതായി അപൂർവ്വം ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ അടിസ്ഥാനരഹിതമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും ബോധപൂർവ്വം ക്ഷാമമുണ്ടാക്കി മരുന്നുകൾക്ക് അമിത വില ഈടാക്കുന്നത് തടയാൻ അത്യാവശ്യം വേണ്ട മരുന്നുകൾ ആശുപത്രികളിലുണ്ടെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഉറപ്പു വരുത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മരുന്നുകൾ വില കുറച്ച്

ലഭ്യമാക്കുന്നതിനായി മരുന്ന് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. മരുന്നിന്റെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കാനും മരുന്നിന് അധികവില ഈടാക്കുന്നത് തടയാനുമുള്ള നടപടികളുടെ ഭാഗമായി ചർച്ച നടത്താൻ സർക്കാർ ആരംഭം കുറിച്ചിട്ടുണ്ടെന്നും മരുന്ന് ഉല്പാദകരുമായി മുഖ്യമന്ത്രിതലത്തിൽ ചർച്ചകൾ നടത്തുന്നതാണെന്നും ഈ വിഷയം സംബന്ധിച്ച് നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും മരുന്നുകൾക്ക് അമിത വില ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 574 മുതൽ 873 വരെയുള്ള ചോദ്യങ്ങളിൽ 137 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)